(സി) ശരണ്യാ പദ്ധതിപ്രകാരം ഇതുവരെ കണ്ണൂർ ജില്ലയിൽ 11 പേർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. ആയതിന്റെ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പേര്	ഗുണഭോക്താക്കളുടെ എണ്ണം
1	കുറ്റ്യാട്ടൂർ	2
2	പെരിങ്ങോംവയക്കര	1
3	കല്യാശ്ശേരി	1
4	ചെറുകുന്ന്	1
5	പെരളശ്ശേരി	1
6	പുഴാതി	1
7	കണ്ണൂർ മുനിസിപ്പാലിറ്റി	1
8	തളിപ്പറമ്പ് മുനിസിപ്പാലിറ്റി	1
9	തലശ്ശേരി മുനിസിപ്പാലിറ്റി	1
10	പയ്യന്നൂർ മുനിസിപ്പാലിറ്റി	1
	ആകെ	11

തെങ്ങുകയറ്റ തൊഴിലാളികൾക്ക് ഇൻഷ്വറൻസ്

54(2306) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരം കയറ്റ തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കിവരുന്ന ക്ഷേമ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) മരം കയറ്റ തൊഴിലാളികൾക്കും തെങ്ങ് കയറ്റ തൊഴിലാളികൾക്കും ഇവരിൽ അപകടത്തിൽപ്പെട്ട് അവശതയനുഭവിക്കുന്നവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും നൽകിവരുന്ന ക്ഷേമാനുകൂല്യങ്ങൾ എന്തൊക്കെയാണ് ;

(സി) തെങ്ങ് കയറ്റ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ പുരോഗതി വെളിപ്പെടുത്തുമോ ; പദ്ധതി എപ്പോൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 2008-ലെ കേരള അസംഘടിത തൊഴിലാളിക്ഷേമ പെൻഷൻ പദ്ധതിയിൽ മരംകയറ്റ് തൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ ഇവർക്ക് അംഗങ്ങളാകാവുന്നതും ടി പെൻഷൻ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാവുന്നതുമാണ്. മരംകയറ്റ തൊഴിലിനിടയിൽ അപകടം സംഭവിച്ച് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്ക് 25,000 രൂപയും മരണം സംഭവിക്കുകയാണെങ്കിൽ ആശ്രിതർക്ക് 50,000 രൂപയും എക്സ് ഗ്രേഷ്യാ ധനസഹായമായി സർക്കാർ നൽകി വരുന്നു. മരം കയറ്റ തൊഴിലാളികൾക്ക് നൽകിവരുന്ന എക്സ് ഗ്രേഷ്യാ ധനസഹായം വർദ്ധിപ്പിക്കുന്നതാണ്. 2011-12 ബഡ്ജറ്റിൽ തെങ്ങുകയറ്റ തൊഴിലാളികളുടെ അപകടസഹായമായി 1.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തെങ്ങ്/മരം കയറ്റ തൊഴിലാളികൾക്ക് ക്ഷേമപദ്ധതി രൂപീകരിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

(സി) സർക്കാർ നടപ്പിലാക്കിയിട്ടുള്ള ആം ആദ്മി ബീമാ യോജന, രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന പദ്ധതികളിൽ അംഗങ്ങളായാൽ ടി പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ ഇവർക്കും ലഭിക്കുന്നതാണ്. മരം കയറ്റ തൊഴിലാളികൾക്ക് ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ട്.

ഒ.ഡി.ഇ.പി.സി. വഴി വിദേശ രാജ്യങ്ങളിൽ തൊഴിൽ

65(2307) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാസമ്പന്നരും സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ തൊഴിൽ അന്വേഷകർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചു വരുന്നതെന്ന് വിശദീകരിക്കുമോ ;

(ബി) വിദേശജോലി ലഭ്യമാക്കുന്നതിനായി ഒ.ഡി.ഇ.പി.സി.-യുടെ പ്രവർത്തനങ്ങളിൽ എന്തെല്ലാം നവീകരണങ്ങളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വിശദീകരിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒ.ഡി.ഇ.പി.സി. വഴി എത്രപേർക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ ലഭ്യമാക്കി എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വിദേശരാജ്യങ്ങളിൽ തൊഴിൽ ലഭിക്കുന്നതിനുവേണ്ടി വിദേശ രാജ്യങ്ങളിലുള്ള ഇന്ത്യൻ എംബസികൾക്ക് ഒ.ഡി.ഇ.പി.സി.-യെക്കുറിച്ചും പ്രവർത്തന രീതിയെക്കുറിച്ചും വിവരിച്ചുകൊണ്ട് കത്തുകൾ അയച്ചിട്ടുണ്ട്. വിദേശകാര്യമന്ത്രിക്കും പ്രവാസികാര്യമന്ത്രിക്കും ബന്ധപ്പെട്ട മന്ത്രാലയങ്ങൾക്കും ഇക്കാര്യത്തിൽ സർക്കാർ സ്ഥാപനമായ ഒ.ഡി.ഇ.പി.സി-യെ സഹായിക്കണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly